# Telephone Conversation between PM and President of Egypt

April 17, 2020

## പ്രധാനമന്ത്രിയും ഈജിപ്ത് പ്രസിഡന്റും തമ്മിലുള്ള ടെലിഫോണ്‍ സംഭാഷണം

**ഏപ്രില്‍ 17, 2020**

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഈജിപ്ത് പ്രസിഡന്റ് ആയ ശ്രീ അബ്ദേല്‍ ഫത്താഹ് എല്‍-സിസിയുമായി ഇന്ന് ടെലിഫോണില്‍ സംഭാഷണം നടത്തി.

കോവിഡ്-19 പകര്‍ച്ചവ്യാധിയെ തുടര്‍ന്ന് വന്ന ആഗോള സാഹചര്യത്തെ കുറിച്ച് നേതാക്കള്‍ ചര്‍ച്ച ചെയ്തു കൂടാതെ തങ്ങളുടെ രാജ്യങ്ങളിലെ ജനതയെ സംരക്ഷിക്കുന്നതിന് എടുത്ത നടപടികളെക്കുറിച്ചുള്ള വിവരങ്ങള്‍ കൈമാറുകയും ചെയ്തു. പരസ്പരം പഠിക്കുന്നതിനായി അനുഭവങ്ങളുടെയും മികച്ച നടപടികളുടെയും തുടര്‍ച്ചയായ വിവരകൈമാറ്റം നടത്താമെന്നു അവര്‍ സമ്മതിച്ചു.

ഇത്തരത്തിലുള്ള പ്രതിസന്ധി സാഹചര്യങ്ങളില്‍ ഫാര്‍മസ്യൂട്ടിക്കല്‍ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിന് സാധ്യമായ എല്ലാ പിന്തുണയും നല്‍കുമെന്ന് പ്രധാനമന്ത്രി ഈജിപ്ത് പ്രസിഡന്റിന് ഉറപ്പു നല്‍കി. ഈജിപ്തില്‍ ഉള്ള ഇന്ത്യന്‍ പൗരന്മാര്‍ക്ക് നല്‍കിയ സഹായത്തിന് പ്രസിഡന്റ് എല്‍-സിസിയ്ക്ക് അദ്ദേഹം നന്ദി പറഞ്ഞു.

അടുത്ത സഹകരണവും പരസ്പരം അനുഭവങ്ങള്‍ പങ്കുവയ്ക്കുന്നതിനുമായി തങ്ങളുടെ സംഘങ്ങള്‍ തമ്മിലുള്ള സമ്പര്‍ക്കം ഉറപ്പുവരുത്തുമെന്നും ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡല്‍ഹി**
**17 ഏപ്രില്‍, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.